കുഞ്ഞിമുഹമ്മദ് വളാഞ്ചേരി



# അബ്ദുല്ലാഹിബ്നു ഉമർ

**രണ്ടാം** ഖലീഫ ഫാറൂഖ് ഉമറിന്റെയും ജുമൈഹീ വംശജയായ സൈനബി(മദ്ഊന്റെ പുത്രി)ന്റെയും സീമന്തപുത്രൻ. നബിയുടെ പ്രവാചകത്വലബ്ധിയുടെ തുടക്കത്തിലാണ് ജനനം. ഇസ്‌ലാം സ്വീകരിച്ച പിതാവിനെ പിൻപറ്റി ബാല്യത്തിലേ ഇസ്‌ലാം ആശ്ലേഷിക്കുകയും പിതാവിനോടൊപ്പം പതിനൊന്നാം വയസ്സിൽ മദീനാ പലായനത്തിൽ പങ്ക് ചേരുകയും ചെയ്തു.

ബാല്യവും യൗവനവും നബിയുടെയും സമുന്നത സ്വഹാബികളുടെയും കൂടെ കഴിച്ചു കൂട്ടിയതിനാൽ ഖുർആനിലും സുന്നത്തിലും അഗാധപാണ്ഡിത്യം നേടാനും തഖ്‌വയിലധിഷ്ഠിതമായ ജീവിതം കെട്ടിപ്പടുക്കാനും ഐഹിക ചിന്ത കൈവെടിഞ്ഞു പാരത്രികബോധം അരക്കിട്ടുറപ്പിക്കാനും ഇബാദത്തിലും വിജ്ഞാനസമ്പാദനത്തിലും മുഴുജീവിതവും കഴിച്ചുകൂട്ടാനും ഭാഗ്യം സിദ്ധിച്ച ഒരു മഹദ് വ്യക്തിത്വമാണ് ഇബ്നു ഉമർ(റ). സഹോദരി ഹഫ്സ നബിപത്നിയായിരുന്നതിനാൽ നബിയുടെ സ്ഥിരം സന്ദർശകനായിരുന്നു. കരുത്തുറ്റ വ്യക്തിപ്രഭാവം, മാതൃകാ ജീവിതം, ദീർഘ ദൃഷ്ടി, വീക്ഷണ സുബദ്ധത, ആകാര സൗഷ്ടവം ഇവയെല്ലാം കണ്ട് ജനം 'ഉമറിന്റെ മകൻ തന്നെ' എന്ന് അദ്ദേഹത്തെ പ്രശംസിക്കാറുണ്ടായിരുന്നു.

അല്ലാഹുവിന് ഏറ്റം ഇഷ്ടപ്പെട്ട നാമങ്ങൾ അബ്ദുല്ല, അബ്ദുർറഹ്മാൻ എന്നിവയാണെന്ന് താൻതന്നെ നബി(സ)യിൽനിന്ന് നിവേദനം ചെയ്ത ഒരു തിരുവചനം 'അബ്ദുല്ല' എന്ന തന്റെ പേരിൽ മതിപ്പുളവാക്കാൻ കാരണമായി. അബ്ദുർറഹ്മാൻ എന്ന് മകന് പേരിടുകയും ചെയ്തു. അറബികളുടെ സമ്പ്രദായമനുസരിച്ചു അബൂഅബ്ദിർറഹ്മാൻ (അബ്ദുർറഹ്മാന്റെ പിതാവ്) എന്ന ബഹുമാനസൂചകമായ പേരും ലഭിച്ചു.

നബിയുടെയും സ്വന്തം പിതാവ് ഉമറിന്റെയും ജീവിതമാണ് ഇബ്നു ഉമറിനെ വല്ലാതെ സ്വാധീനിച്ചത്. അവരുടെ ജീവിതശൈലി അപ്പടി പകർത്തുക മാത്രമല്ല അദ്ദേഹം ചെയ്തത്, പിൽക്കാലക്കാരെ നന്നായി പഠിപ്പിക്കുകയും ചെയ്തു.

ബദ്റ്, ഉഹ്ദ് യുദ്ധങ്ങളിൽ പങ്കെടുക്കാൻ മുന്നോട്ട് വന്നെങ്കിലും പ്രായം പതിനഞ്ച് തികഞ്ഞില്ലെന്ന് പറഞ്ഞ് നബി(സ) ആ ബാല്യക്കാരനെ മടക്കി അയച്ചു. പ്രായം പതിനഞ്ചായതോടെ ആദ്യമായി ഖന്ദഖ് യുദ്ധത്തിലും തുടർന്ന് മറ്റെല്ലാ യുദ്ധങ്ങളിലും പങ്കെടുത്തു. നബി(സ)യുടെ വിയോഗാനന്തരം ഖുലഫാഉർറാശിദുകളോടൊപ്പവും ഇത് തുടർന്നു. തദാവശ്യാർഥം പുറം നാടുകളിലും സഞ്ചരിച്ചു. എന്നാൽ അലിയും മുആവിയയും തമ്മിലുണ്ടായ സംഘട്ടനങ്ങളിൽ ഇരുപക്ഷവും ചേരാതെ മാറി നിൽക്കുകയാണുണ്ടായത്. യുദ്ധം അവസാനിപ്പിച്ച് അവർക്കിടയിൽ സന്ധിയുണ്ടാക്കാൻ അദ്ദേഹം മുൻപന്തിയിൽ നിൽക്കുകയും ചെയ്തു. ഫിത്നഃ കെട്ടടങ്ങും വരെ യുദ്ധം ചെയ്യണമെന്ന് ഖുർആൻ നിർദേശിക്കുന്നുണ്ടല്ലോ, പിന്നെ താങ്കൾ ഭാഗഭാക്കാവാത്തതെന്ത് എന്ന് ചോദിച്ചവരോട് ഇബ്നു ഉമർ പറഞ്ഞു: "മുശ്‌രിക്കുകൾ അഴിച്ചു വിട്ടിരുന്ന അത്തരം ഫിത്നഃകൾ അടിച്ചമർത്തി ദീൻ (അനുസരണം) അല്ലാഹുവിന് മാത്രം ആയിത്തീരുവോളം നബി(സ)യുടെ കാലത്ത് ഞങ്ങൾ അവരോട് യുദ്ധം ചെയ്തിട്ടുണ്ട്."

അലി(റ)യെക്കുറിച്ചും ഉസ്മാനെ(റ)നെക്കുറിച്ചും അഭിപ്രായം ആരാഞ്ഞപ്പോൾ പ്രതികരിച്ചത് ഇങ്ങനെ: "എന്നെക്കാൾ ഉത്തമരായ രണ്ട് വ്യക്തിത്വങ്ങളെക്കുറിച്ചാണോ താങ്കൾ ചോദിക്കുന്നത്? അവരിലൊരാളെ ഞാൻ പുകഴ്ത്തുകയും മറ്റൊരാളെ ഇകഴ്ത്തുകയും ചെയ്യണമെന്നാണോ?"

അലി(റ)യുടെ കാലത്ത് പ്രക്ഷോഭകാരികളിൽ ചിലർ ഖിലാഫത്ത് പദവി ഏറ്റെടുക്കാൻ തന്നിൽ സമ്മർദം ചെലുത്തി നോക്കിയെങ്കിലും അദ്ദേഹം അത് നിരസിക്കുകയാണുണ്ടായത്. ഇക്കാര്യത്തിൽ വധഭീഷണി പോലും അദ്ദേഹത്തിന് നേരെയുണ്ടായി. അമവീകാലത്തും ഖിലാഫത്ത് പദവി ഏറ്റെടുക്കാൻ ചിലർ ആവശ്യപ്പെട്ടെങ്കിലും അദ്ദേഹം അവർക്കൊന്നും ചെവികൊടുത്തില്ല. ഇസ്‌ലാമിന്റെ ആരംഭനാൾതൊട്ട് തന്നെ അതിന്റെ മുൻപന്തിയിലുണ്ടായിട്ടും, തനിക്ക് കിടയൊത്തവരായി അധിക

മാരും ഉണ്ടാവാതിരുന്നിട്ടും, എല്ലാവരാലും സുസമ്മതനായ സാക്ഷാൽ ഉമർബ്നുൽ ഖത്താബിന്റെ മകനായിരുന്നിട്ടും അധികാരമേറ്റെടുക്കാനുള്ള അഭ്യർഥനകളെ തള്ളിക്കളയുകയാണ് ചെയ്തത്. അലി(റ) തന്റെ അധികാരമുപയോഗിച്ചു ഇബ്നു ഉമറിനെ ശാമിലെ തന്റെ ഗവർണറായി നിയോഗിച്ചപ്പോൾ ഒരു സൂത്രം പ്രയോഗിച്ച് അതിൽനിന്ന് രക്ഷപ്പെടുകയാണ് ചെയ്തത്. പിതാവായ ഉമർ മകനെ ഈ രംഗത്തേക്കാനയിച്ചിരുന്നുമില്ല.

ഖുലഫാഉർറാശിദുകളുടെ കാലം കഴിഞ്ഞ് അമവീ ഭരണത്തിന്റെ പ്രാരംഭ ഘട്ടത്തിന് വരെ സാക്ഷിയായ അദ്ദേഹം അവരുടെയെല്ലാം ആദരം പിടിച്ചുപറ്റിയിരുന്നു. മുആവിയ മരണശയ്യയിലായിരിക്കെ പിൻഗാമിയായ മകൻ യസീദിനെ വിളിച്ചു പറഞ്ഞു: "ഖുറൈശികൾക്ക് മാത്രമാണ് നിന്നോടെതിർപ്പ് കാണുക. ഇബ്നു ഉമർ പക്ഷെ ഇബാദത്തിൽ മുഴുകിയ വ്യക്തിയായതിനാൽ അക്കൂട്ടത്തിലൊന്നും ഉണ്ടാവുകയില്ല."

യസീദിനെ മുൻകൂട്ടി ഖലീഫയായി നിശ്ചയിച്ചതിൽ എതിർപ്പ് പ്രകടിപ്പിച്ചവരിൽ ഇബ്നു ഉമറും ഉണ്ടായിരുന്നു. അവരോടൊക്കെ യസീദിന് ബൈഅത്ത് ചെയ്യാൻ മുആവിയ പ്രത്യേകം ആവശ്യപ്പെട്ടതനുസരിച്ചു ബൈഅത്ത് ചെയ്യുന്ന കാര്യത്തിൽ എല്ലാവരും യോജിപ്പിലെത്തുകയാണുണ്ടായത്. തത്സമയം ഇബ്നു ഉമർ ഇങ്ങനെ പറയാനും മടിച്ചില്ല. "ജനങ്ങളെയെല്ലാം ബൈഅത്ത് ചെയ്യാൻ തീരുമാനിച്ചാൽ പിന്നെ ഭരണാധികാരി വികലാംഗനായ ഒരടിമയാണെങ്കിൽ പോലും ഞാനും ബൈഅത്ത് ചെയ്യാതിരിക്കില്ല." സത്യം ആരോടും തുറന്നു പറയുന്ന ശുദ്ധ പ്രകൃതക്കാരനായിരുന്ന അദ്ദേഹം മക്കയിലെ ഗവർണറായിരുന്ന ഹജ്ജാജിന്റെ ഏകാധിപത്യത്തെ തുറന്നെതിർത്തിരുന്നു. ഇബ്നു ഉമറിന് സമൂഹം കൽപിച്ചിരുന്ന സമുന്നത പദവി അറിയാമായിരുന്ന ഹജ്ജാജ് അദ്ദേഹത്തിനെതിരെ ശിക്ഷാനടപടികൾ കൈക്കൊള്ളാൻ ഭയപ്പെട്ടു.

നബിചര്യ പദാനുപദവും പാദാനുപാദവും പിൻപറ്റുകയായിരുന്നു അദ്ദേഹത്തിന്റെ പ്രത്യേകതയെന്ന് നബിപത്നി ആഇശ(റ)യടക്കം സ്വഹാബികളിൽ പലരും പറയുമായിരുന്നു. ലഘുവായ കാര്യങ്ങളിൽ പോലും ഇത് പ്രകടമായി. നബി(സ) നമസ്കരിച്ച അതേ സ്ഥലങ്ങളിൽ നമസ്കരിക്കുമായിരുന്നു. വസ്ത്രധാരണം, താടിവളർത്തൽ, മുടിചീകൽ, എണ്ണപുരട്ടൽ തുടങ്ങിയ കാര്യങ്ങളിലടക്കം നബിയെ അനുകരിക്കും. ചെറുപ്പത്തിലേ നബിയുമായി സഹവസിച്ചിരുന്നതിനാൽ നബിയെ ഓർക്കുമ്പോഴേക്ക് കരയും. ഖുർആനിലെ ചില ഭാഗങ്ങൾ പാരായണം ചെയ്യുമ്പോഴും കരച്ചിലടക്കാൻ കഴിയുമായിരുന്നില്ല.

ഖുർആൻ കാലേക്കൂട്ടി ഹൃദിസ്ഥമാക്കിയിരുന്നു. അതിലെ ആശയങ്ങൾ അവധാനപൂർവം ഗ്രഹിക്കും. ചിലപ്പോൾ വർഷങ്ങളോളം അതിൽ കഴിച്ചുകൂട്ടും. നമസ്കാരത്തിനുള്ള അംഗശുദ്ധി(വുദു) വരുത്തിയാൽ പിന്നെ ജമാഅത്ത് നമസ്കാരം തുടങ്ങുംവരെ മുസ്ഹഫ് എടുത്തു ഖിബ്ലക്ക് അഭിമുഖമായിരുന്നു ഏകാഗ്രചിത്തനായി ഖുർആൻ പാരായണത്തിൽ ലയിക്കും.

നബി(സ)യിൽനിന്നുള്ള വചനങ്ങൾ ഉരുവിടുമ്പോൾ വളരെ സൂക്ഷ്മത പാലിക്കും. ഫത്വകൾ നൽകുന്നതിലും സൂക്ഷ്മാലുവായിരുന്നു. ഫത്വക്കായി തന്നെ സമീപിക്കുന്നവരെ, തന്നെക്കാൾ യോഗ്യരായ പണ്ഡിതന്മാരുണ്ടെന്ന് പറഞ്ഞ് അവരുടെ അടുത്തേക്ക് പറഞ്ഞുവിടും. ഇബ്നു ഉമറിൽനിന്ന് നാഫിഅ്-മാലിക് മുഖേനയുള്ള സനദുകളെ സുവർണസനദുകളായാണ് ഇമാം ബുഖാരി വിവരിച്ചിട്ടുള്ളത്.

താൻ തന്നെ ഉദ്ധരിച്ചതും നബി തന്നോടുപദേശിച്ചതുമായ "നീ ഇഹലോകത്ത് ഒരു വിദേശിയെപ്പോലെയോ വഴിപോക്കനെപ്പോലെയോ ആവണം" എന്ന തിരുവചനം അക്ഷരാർഥത്തിൽ ഉൾക്കൊണ്ടു. പണമുണ്ടായിട്ടും പാവപ്പെട്ടവന്റേതു പോലുള്ള ജീവിതം നയിച്ചു. ആഹാരക്കമ്മി നിമിത്തം ശരീരം ശോഷിച്ചു. ഇറാഖിൽനിന്ന് വന്ന ഒരാൾ ഒരു ദഹനൗഷധം നൽകിയപ്പോൾ "നാൽപത് വർഷമായി വയർനിറയെ ഉണ്ണാത്ത എനിക്ക് ഇതിന്റെ ആവശ്യമില്ല" എന്നായിരുന്നു മറുപടി. ഭക്ഷണം മുമ്പിലെത്തും മുമ്പായി കൂടെയിരുത്തിത്തീറ്റാൻ ഫഖീറുമാരെ തെരഞ്ഞുപിടിക്കുമായിരുന്നു. ദരിദ്രരുടെ വേഷമാണ് ധരിക്കുക. അവരിൽ ഒരാളാണെന്നേ ആർക്കും തോന്നൂ.

അല്ലാഹുവിന്റെ മാർഗത്തിൽ ചെലവഴിക്കാൻ മാത്രമുള്ളതായിട്ടാണ് സമ്പത്തിനെ കണ്ടത്. കൈയിൽ കിട്ടുന്ന പണമത്രയും ദരിദ്രരുടെ കൈകളിലെത്തിക്കും. ഒരിക്കൽ ഇരുപത്തിരണ്ടായിരം ദീനാർ കൈവശം വന്നപ്പോൾ അത്രയും ധർമം ചെയ്തതിന് പുറമെ അപ്പോൾ തന്നെ കടം വാങ്ങിയും ധർമം ചെയ്തതായും മരണത്തിന് മുമ്പായി ആയിരം അടിമകളെയെങ്കിലും ദ്രവ്യം നൽകി

മോചിപ്പിച്ചതായും ചരിത്രകൃതികളിൽ കാണുന്നു.

ദരിദ്രരും അനാഥരും കുട്ടികളും ഉൾപ്പെടെ സകലരോടും സലാം പറഞ്ഞ് കൈകൊടുക്കും. അതിന് മാത്രമായി അങ്ങാടിയിൽ ചുറ്റിക്കറങ്ങും ചിലപ്പോൾ.

ഒരിക്കൽ അബ്ദുല്ലാഹിബ്നു അംറുബ്നുൽ ആസിനെ വഴിയിൽ വെച്ചുകണ്ടപാടെ പൊട്ടിക്കരയാൻ തുടങ്ങി. ആരോ കാരണം തിരക്കിയപ്പോൾ പറഞ്ഞു: "ഇദ്ദേഹം നബിതിരുമേനിയിൽനിന്ന് നിവേദനം ചെയ്ത ഒരു തിരുവചനം ഓർമയിൽവന്നു: "ആരുടെയെങ്കിലും ഹൃദയത്തിൽ കടുക് മണി അഹങ്കാരമുണ്ടെങ്കിൽ അവർക്ക് നരകത്തിലായിരിക്കും ഇരിപ്പിടം" എന്ന്.

"രാത്രി നമസ്കാരം നിർവഹിക്കുന്ന പക്ഷം അബ്ദുല്ല എത്രയും അത്യുത്തമനായേനെ." തന്നെക്കുറിച്ചു പ്രവാചകൻ(സ) പറഞ്ഞത് മരണം വരെ ജീവിതത്തിൽ പ്രായോഗികമാക്കി. പിതാവിനോടൊപ്പം അബ്ദുല്ല സ്വർഗവാസികളോടൊപ്പമായിരിക്കുമെന്നും നബി(സ) പറഞ്ഞിട്ടുണ്ട്. നബി(സ)യിൽനിന്ന് ധാരാളം ഹദീസുകൾ ഉദ്ധരിച്ചു; എല്ലാമെല്ലാം വള്ളിപുള്ളി തെറ്റാതെയും അവധാനതയോടെയും. ഭാവിലോകത്തിന് ചിന്തോദ്ദീപകമായ ഒട്ടേറെ തത്വവാക്യങ്ങളും സാരോപദേശങ്ങളും വിട്ടേച്ചുകൊണ്ടാണ് അദ്ദേഹം ഇഹലോകത്തോട് വിടപറഞ്ഞത്; എൺപത്തിനാലാം വയസ്സിൽ (ഹി. 73ൽ). ■